**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1953** **17.12.2012 ന് മറുപടിക്ക്**

**അങ്കമാലി മുക്കന്നൂർ പഞ്ചായത്തിലെ വെള്ളപ്പാറ–വെറ്റിലപ്പാറ പാലം ലിങ്ക് റോഡ്**

**ചോദ്യം**

**ശ്രീ.ജോസ് തെറ്റയിൽ**

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മുക്കന്നൂർ പഞ്ചായത്തിലെ വെള്ളപ്പാറയിൽ നിന്നും വെറ്റിലപ്പാറ പാലത്തിലേയ്ക്കുള്ള ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുകയാണെങ്കിൽ വനസംരക്ഷണത്തെ ഒരു കാരണവശാലും ബാധിക്കുകയില്ല എന്ന് 2007 ലും വനസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് 2011 ലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള തിനാൽ ഇത് സംബന്ധിച്ച യഥാർത്ഥ വസ്തുത വിലയിരുത്തുന്ന തിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ കെ.ബി. ഗണേഷ് കുമാർ**
**(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)**

(എ) 1980 ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് സെക്ഷൻ (2) പ്രകാരം വനഭൂമി വനേതരാവശ്യങ്ങൾക്കായി വിട്ടുനൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

(ബി) 1980 ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് സെക്ഷൻ (2) പ്രകാരം യൂസർ ഏജൻസി, നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ